**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2017 ജൂലൈ 15 ശനി**

# നാളെ (ജൂലൈ 17) ഔഷധസേവാ ദിനം; ഉദ്ഘാടനം ജില്ലാ ആയുർവേദാശുപത്രിയിൽ

ആലപ്പുഴ: ഭാരതീയ ചികിത്സാവകുപ്പിന്റെ ആഭിമുഖ്യത്തിൽ കർക്കിടകം ഒന്നാംതീയതിയായ തിങ്കളാഴ്ച (ജൂലൈ 17) ഔഷധസേവാ ദിനമായി ആചരിക്കുന്നു. രാവിലെ 10.30ന് ആലപ്പുഴ ജില്ലാ ആയുർവേദ ആശുപത്രിയിൽ ഔഷധകഞ്ഞി വിതരണം ചെയ്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ ദിനാചരണം ഉദ്ഘാടനം ചെയ്യും. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.പി. ശ്രീകുമാർ, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. എ. ജയൻ എന്നിവർ പങ്കെടുക്കും. പൊതുജനങ്ങൾക്ക് ഔഷധകഞ്ഞി വിതരണം ചെയ്യും.

(പി.എൻ.എ. 1677/17)

# രണ്ടുവർഷത്തിനകം പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തമാകും: മന്ത്രി കെ. രാജു

**- മണ്ണഞ്ചേരി പഞ്ചായത്തിന് ക്ഷീരഗ്രാമം പദ്ധതിയിലൂടെ ഒരു കോടി രൂപ**

ആലപ്പുഴ: എല്ലാവരുടെയും യോജിച്ച പ്രവർത്തനത്തിലൂടെ രണ്ടു വർഷം കൊണ്ട് സംസ്ഥാനം പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് വനം-ക്ഷീരവികസന മന്ത്രി അഡ്വ. കെ. രാജു പറഞ്ഞു. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പാൽ ഉൽപാദനത്തിൽ ആവശ്യമായതിന്റെ 30 ശതമാനം കുറവുണ്ടായിരുന്നു. കഴിഞ്ഞ ഒരു വർഷംകൊണ്ട് ഉൽപാദനം 17 ശതമാനം വർധിച്ചു. ഈ വർഷം കൊണ്ട് ലക്ഷ്യം കൈവരിക്കും. സംസ്ഥാനത്ത് അഞ്ച് ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം നടപ്പാക്കുന്നത്. മണ്ണഞ്ചേരി പഞ്ചായത്തിൽ ഒരു കോടി രൂപയാണ് പദ്ധതിയിലൂടെ ചെലവഴിക്കുന്നത്. 210 പശുക്കളേയും 45 കിടാരികളേയും എഴു കറവ യന്ത്രങ്ങളും സബ്സിഡിയോടു കൂടി വിതരണം ചെയ്യും. എട്ടു മാതൃകാ തൊഴുത്തുകളും ഡയറി യൂണിറ്റും സ്ഥാപിക്കും. 25 മാതൃകാ കർഷകർക്ക് സഹായം നൽകും. 239 കർഷകർക്ക് ധാതുലവണമിശ്രിതം വിതരണം ചെയ്യും. ഒരു പശുവിന് 32,000 രൂപ സബ്സിഡി നൽകും. അഞ്ചു കിടാരികളുള്ള യൂണിറ്റിന് 90,500 രൂപയും 10 എണ്ണമുള്ളതിന് 1.81 ലക്ഷം രൂപയും സബ്സിഡി നൽകും. കറവയന്ത്രത്തിന് 25,000 രൂപയാണ് സബ്സിഡി. മണ്ണഞ്ചേരി പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാണ്. അധികമായി 2757 ലിറ്റർ കൂടി ഉൽപാദിപ്പിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ക്ഷീരകർഷകന്റെ അധ്വാനത്തിനനുസരിച്ച് പാലിന് വില ലഭിക്കുന്നില്ലെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് പാൽ വില നാലു രൂപ വർധിപ്പിച്ചത്. ഇതിൽ 3.35 രൂപ കർഷർക്ക് ലഭ്യമാക്കുന്നു. 16 പൈസ ക്ഷീര സംഘത്തിനും 14 പൈസ മിൽമയ്ക്കും ലഭിക്കും. ചരിത്രത്തിൽ ആദ്യമായാണ് ക്ഷീര കർഷകർക്കായി സമാശ്വാസ പദ്ധതി സർക്കാർ നടപ്പാക്കിയത്. പശുവിനെ വാങ്ങാൻ ലോണെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് ഒരു ലക്ഷം രൂപ വരെ സഹായം നൽകി. അഞ്ചു കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. ഒരു ലിറ്റർ പാലിന് നാലു രൂപ വരെ സബ്സിഡി നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വൻസഹായമാണ് ഈ മേഖലയ്ക്ക് നൽകുന്നത്. മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിലും കേരളം സ്വയംപര്യാപ്തമാകാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതായും മന്ത്രി പറഞ്ഞു.

പശു വളർത്തലിനെ പ്രധാനവരുമാന മാർഗമായി കാണണമെന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് ധനവകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് പറഞ്ഞു. ഒമ്പതു ലക്ഷം ലിറ്റർ പാലിന്റെ കമ്മിയുണ്ട്. ഒരുമിച്ചു പ്രവർത്തിച്ചാൽ സ്വയംപര്യാപ്തമെന്ന ലക്ഷ്യം കൈവരിക്കാമെന്നും മന്ത്രി പറഞ്ഞു.

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ഗോപിനാഥ് ആധ്യക്ഷ്യം വഹിച്ചു. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീന സനൽകുമാർ പ്രത്യേക ഘടക പദ്ധതി ആനുകൂല്യ വിതരണം നടത്തി. ജില്ലാ പഞ്ചായത്തംഗം പി.എ. ജുമൈലത്ത് ക്ഷീരകർഷക ക്ഷേമനിധി ആനുകൂല്യ വിതരണം നിർവഹിച്ചു.

ക്ഷീരവികസന ഡയറക്ടർ എബ്രഹാം ടി. ജോസഫ് പദ്ധതിയുടെ വിശദീകരണവും ഡെപ്യൂട്ടി ഡയറക്ടർ കെ.ജി. ശ്രീലത റിപ്പോർട്ട് അവതരണവും നടത്തി. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീന സനൽകുമാർ, ജില്ലാ പഞ്ചായത്ത് അംഗം പി.എ. ജുമൈലത്ത്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മഞ്ജു രതികുമാർ, എം.ബി. സുഭാഷ്, കെ.പി. സതീഷ് കുമാർ, ജനപ്രതിനിധികൾ, ക്ഷീരസംഘം ഭാരവാഹികൾ, മിൽമ ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ഇതോടനുബന്ധിച്ച് നടന്ന ക്ഷീരസഹകരണ ശിൽപശാലയിൽ ക്ഷീരവികസന ജോയിന്റ് ഡയറക്ടർ ബിജി വി. ഈശോ ക്ലാസെടുത്തു.

(പി.എൻ.എ. 1678/17)

## കുട്ടികളോടുള്ള നമ്മുടെ പ്രതിബദ്ധത പദ്ധതി രണ്ടാംഘട്ടം തുടങ്ങി

# സമൂഹം ധാർമികതയിൽ പിന്നോട്ട്: ജസ്റ്റിസ് സി.റ്റി. രവികുമാർ

ആലപ്പുഴ: ആധുനിക സമൂഹം വിദ്യാഭ്യാസപരമായും സാങ്കേതികപരമായും പുരോഗതി കൈവരിച്ചെങ്കിലും ധാർമികമായി പിന്നോട്ടു പോകുന്നുവെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.റ്റി. രവികുമാർ പറഞ്ഞു.

ജില്ലാ നിയമസേവന അതോറിറ്റിയുടേയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റേയും സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന കുട്ടികളോടുള്ള നമ്മുടെ പ്രതിബദ്ധത പദ്ധതി രണ്ടാംഘട്ടത്തിന്റെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ ലിയോ തേർട്ടീന്ത് സ്കൂളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജീവിതത്തിൽ ഏറ്റവും കൂടുതൽ സന്തോഷിക്കേണ്ടതാണ് കുട്ടിക്കാലം. പക്ഷേ ഇന്നത്തെ കുട്ടികൾ ഇക്കാലയളവിൽ ചൂഷണം ചെയ്യപ്പെടുന്നു. കുട്ടികൾക്കെതിരേയുള്ള അതിക്രമം വർധിക്കുന്നു. വിദ്യാലയങ്ങൾ പാഠപുസ്തക പഠനത്തിലേക്കു മാത്രം ഒതുങ്ങരുത്. കുട്ടികളുടെ ഉന്നമനത്തിനു വേണ്ട കാര്യങ്ങൾ കൂടി പഠിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ ജഡ്ജി കെ.എം. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു. റിസോഴ്സ് ഡയറക്ടറിയുടെ പ്രകാശനം ജില്ലാ കളക്ടർ വീണ എൻ. മാധവൻ നിർവഹിച്ചു. സബ് ജഡ്ജി വി. ഉദയകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഡി. വസന്തദാസ്, നഗരസഭാംഗം കരോളിൻ പീറ്റർ, എച്ച്.എസ്.ഇ മേഖലാ അസിസ്റ്റന്റ് ഡയറക്ടർ എസ്. മിനി, വി.എച്ച്.എസ്.ഇ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഇ.ആർ. മിനി, ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.ടി.ജി. സനൽകുമാർ, ജില്ലാ സാമൂഹിക നീതി ഓഫീസർ അനിറ്റ എസ്. ലിൻ, വിദ്യാഭ്യാസ ഉപഡയറക്ടർ ഇ. മുഹമ്മദ് കുഞ്ഞ്, ഡിവൈ.എസ്.പി. എൻ. പാർത്ഥസാരഥിപിള്ള, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ പി.എൻ. പൊന്നുമണി, ജ്യുവനൈൽ ജസ്റ്റിസ് ബോർഡ് അംഗം എ. ഷൈനി, ചൈൽഡ് ലൈൻ ഡയറക്ടർ ഫാ. സേവ്യർ കുടിയാംശ്ശേരി, ഓ.ആർ.സി ചീഫ് മെന്റർ കോർഡിനേറ്റർ ജാക്സൺ ആറാട്ടുകുളം, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എ.ജെ. സാബു ജോസഫ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് ശിൽപശാല നടന്നു. മുഹമ്മദ് സൈഫ്, ഷിജോ തോമസ് എന്നിവർ വിഷയം അവതരിപ്പിച്ചു.

(പി.എൻ.എ. 1679/17)

## // അവസാനിച്ചു //